പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത</u>
ചോദ്യം നമ്പർ: 4590 | 20-10-2011-ൽ മറുപടിയ്ക്ക്

## മത്സ്യത്തൊഴിലാളികൾക്കുള്ള നഷ്ടപരിഹാരം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ.ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| എ) മത്സ്യത്തൊഴിലാളികളുടെ മത്സ്യബന്ധന ഉപകരണങ്ങൾ കടലാക്രമണത്തിലോ മറ്റു പ്രകൃതിക്ഷോഭം മൂലമോ തകർന്നാൽ അവർക്ക് നഷ്ടപരിഹാരം ലഭിക്കുന്നതിന് നിലവിൽ വ്യവസ്ഥയുണ്ടോ; | എ) ഉണ്ട്. |
| ബി) എങ്കിൽ അതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ നൽകുമോ ; | ബി) 1. പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്കും, എഞ്ചിനും, വലയ്ക്കും ഇൻഷ്വറൻസ് പരിരക്ഷയുണ്ട്. മത്സ്യബന്ധന ഉപകരണത്തിന്റെ വിലയുടെ 75% ഇൻഷ്വറൻസ് തുക ലഭിക്കും. വിലയുടെ 1.8% ആണ് പ്രീമിയം. പ്രീമിയത്തിന്റെ 75% സർക്കാർ വഹിക്കുന്നു. മത്സ്യതൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഫിഷറീസ് ആഫീസിൽ 25% പ്രീമിയം അടച്ച് ഇൻഷ്വറൻസിൽ ചേരാവുന്നതാണ്.<br>2. ജില്ലാ കളക്ടർ മുഖേന, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായത്തിനായി ഫിഷറീസ് വകുപ്പിന്റെ റിപ്പോർട്ടോടുകൂടി അപേക്ഷിക്കാവുന്നതാണ്. |
| സി) അർഹമായ നഷ്ടപരിഹാരം ഇവർക്ക് ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | 1) കേരള മത്സ്യതൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നിലവിൽ ഇൻഷ്വറൻസ് കമ്പനിയാണ് ഇൻഷ്വറൻസ് തുക നൽകുന്നത്.<br>2) സർക്കാർ ഉത്തരവ് (ജി.ഒ.(എം.എസ്) 295/11/റവ. തീയതി 04.08.2011) പ്രകാരം, വള്ളം, ബോട്ട്, വല, കട്ടമരം എന്നിവ പൂർണമായും നഷ്ടപ്പെട്ടവർക്ക് പരമാവധി 7500/- രൂപയും ഭാഗികമായി നഷ്ടപ്പെട്ടവർക്ക് 2500/- രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ